# വിശ്വാസം കൈമാറുന്നതിന്

മാതാപിതാക്കന്മാരുടെ വിദ്യാഭ്യാസപരമായ ദൗത്യത്തെക്കുറിച്ച് റോമൻ രൂപതാ കോൺഗ്രസിനോടു 2015 ജൂൺ 14-ന് ഫ്രാൻസീസ് പാപ്പാ പറഞ്ഞ പ്രസംഗത്തിന്റെ പ്രസക്തഭാഗമാണ് ചുവടെ ചേർക്കുന്നത്.

പുതിയ തലമുറയിലേക്ക് വിശ്വാസപ്രസരണം എങ്ങനെ നടത്തണമെന്ന് നാം ചിന്തിക്കണം. ധാർമ്മികവും ആധ്യാത്മികവുമായ പുനർജനി ഇന്ന് ആവശ്യമാണ്. കാരണം, ഇന്ന് എല്ലാം ആപേക്ഷികമാക്കിയിരിക്കുന്നു. സുവിശേഷം വായിക്കുന്നുണ്ട്. അത് വെറും ആശയമായി നിലകൊള്ളുന്നു; ഹൃദയത്തെ സ്പർശിക്കുന്നില്ല. അതിനാൽ, ഒരു പുനർജനി ലോകത്തിന് ആവശ്യമുണ്ട്.

**ആശയപരമായ കോളനിവത്കരണം**

കുട്ടികളുടെയും യുവജനങ്ങളുടെയും വിദ്യാഭ്യാസകാര്യത്തിൽ പുനർജനിക്കുള്ള പ്രതിജ്ഞാബദ്ധത പ്രധാനപ്പെട്ടതാണ്. മാതാപിതാക്കന്മാർക്കാണ് കുട്ടികളുടെ വിദ്യാഭ്യാസത്തിന്റെ മുഖ്യഉത്തരവാദിത്വം. ആത്മാവിനെയും കുടുംബത്തെയും വിഷലിപ്തമാക്കുന്ന വിചിത്രമായ ആശയങ്ങൾ കുട്ടികൾ ഇന്ന് കേൾക്കുന്നു. ആശയപരമായ ഈ കോളനിവത്കരണത്തിനെതിരെ ഉണർന്നു പ്രവർത്തിക്കാൻ മാതാപിതാക്കന്മാർ തയ്യാറാകണം. തന്നോട് ഒരു യുവപിതാവ് പറഞ്ഞ കാര്യം ഇവിടെ പാപ്പാ അനുസ്മരിച്ചു. തീക്ഷ്ണതയുള്ള ഒരു കത്തോലിക്കനാണ് അദ്ദേഹം. അയാൾക്ക് സ്കൂ ളിൽ പോകുന്ന രണ്ടു കുട്ടികൾ ഉണ്ട്. വൈകുന്നേരം അദ്ദേഹത്തിനു തന്റെ മക്കൾക്ക് വിശ്വാസകാര്യങ്ങൾ ശരിയായി പഠിപ്പിക്കേണ്ടിവരുന്നു. സ്കൂളിൽ അധ്യാപകർ പഠിപ്പിക്കുന്ന പലതും പുസ്തകത്തിലുള്ള ചില കാര്യങ്ങളും ആശയപരമായി തെറ്റായ വഴിയിലേക്ക് കുട്ടികളെ നയിക്കുന്നതുകൊണ്ടാണത്. സമൂഹത്തിനും രാജ്യത്തിനും കുടുംബത്തിനും നാശകരമായ കാര്യങ്ങളാണ് അത് ഉൾക്കൊള്ളുന്നത്.

"സ്നേഹിതർക്കുവേണ്ടി ജീവൻ അർപ്പിക്കുന്നതിനെക്കാൾ വലിയ സ്നേഹമില്ല" (യോഹ 15:13) എന്ന ഈശോയുടെ വാക്കുകൾ കുടുംബത്തിൽ ജീവിക്കപ്പെടണം. കാരണം, പിതൃത്വവും മാതൃത്വവും പ്രാവർത്തികമാക്കുന്നതിലൂടെ ദമ്പതികൾ തങ്ങളുടെ ജീവൻ നല്കുകയാണ് ചെയ്യുന്നത്. അത് സുവിശേഷം ജീവിക്കലാണ്. സുവിശേഷം ജീവിക്കൽ സന്തുഷ്ടി നല്കും.

മാതാപിതാക്കന്മാർ ആയിരിക്കുന്നതിന്റെ രഹസ്യം വെളിവാക്കുന്ന ചില പദങ്ങൾ ചൂണ്ടിക്കാട്ടാം.

**1) ദൈവവിളി**

എല്ലാ പിതൃത്വവും ദൈവത്തിൽ നിന്ന് വരുന്നുവെന്ന് വിശുദ്ധ പൗലോസ് എഴുതിയിട്ടുണ്ട് (cf. എഫേ 3:15). എല്ലാ മാതൃത്വവും എന്നുകൂടി നമുക്ക് കൂട്ടിച്ചേർക്കാം. നാമെല്ലാം ദൈവത്തിന്റെ മക്കളാണ്. പിതാവും മാതാവും ആയിരിക്കുക എന്നത് ദൈവത്തിൽ നിന്നുള്ള ഒരു വിളിയാണ്. ദൈവം നിത്യസ്നേഹമാണല്ലോ. അവിടന്ന് അവിരാമം തന്നെത്തന്നെ നല്കുന്നു എന്നതാണ് അതിന്റെ അർത്ഥം. നമ്മെ അവിടന്ന് അസ്തിത്വത്തിലേക്ക് വിളിക്കുന്നു. സ്ത്രീയും പുരുഷനും പരസ്പരം ഭരമേലപിക്കണമെന്നതാണ് ദൈവത്തിന്റെ ആഗ്രഹം. കലവറ കൂടാതെ പൂർണമായി അന്യോന്യം സ്നേഹിക്കാൻ സ്ത്രീയും പുരുഷനും വിളിക്കപ്പെടുന്നു. ദൈവവുമായി സഹകരിച്ച് ജീവൻ സംക്രമണം ചെയ്യാനും അവർ വിളിക്കപ്പെടുന്നു. അങ്ങനെ പരസ്പരം സ്നേഹിക്കുക, ജീവൻ കൈമാറുക എന്നിവ അവരുടെ കടമയാണ്. ഈ രണ്ടു കാര്യങ്ങളാണ് മാതാപിതാക്ക

ളുടെ വിളിയിൽ അധിഷ്ഠിതമായിരിക്കുന്നത്. ഇത് ഏറ്റവും മനോഹരമായ വിളിയാണ്. എന്തെന്നാൽ, തികച്ചും വ്യത്യസ്തമായ രീതിയിൽ ദൈവത്തിന്റെ ഛായയും സാദൃശ്യവും ആകാൻ അതു ദമ്പതികളെ പ്രാപ്തരാക്കുന്നു. പിതാവും മാതാവും ആയിരിക്കുക എന്നത് പൂർണമായും തങ്ങളെത്തന്നെ പൂർത്തീകരിക്കലാണ്. അതു ദൈവത്തിനു സദൃശമായിരിക്കലുമാണ്. അത് സ്നേഹത്തിന്റെ സത്യമാണ്. പിതാവും മാതാവും ആകുക എന്നത് ദൈവത്തോടു കൂടുതൽ സമാനതയുള്ളവരാകുകയാണ്.

മാതാപിതാക്കൾ എന്ന നിലയ്ക്ക് ദമ്പതികൾക്ക് ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരെയും മാതാവോ പിതാവോ ആകാൻ അവർ വിളിക്കപ്പെട്ടിട്ടുണ്ടെന്ന കാര്യം ഓർമ്മിപ്പിക്കാനാവും. ഉദാഹരണത്തിന് വൈദികരും സന്ന്യസ്തരും മതബോധകരുമെല്ലാം ആത്മീയ മാതൃത്വത്തിനും പിതൃത്വത്തിനും വിളിക്കപ്പെട്ടിട്ടുണ്ട്. വാസ്തവത്തിൽ ഒരു സ്ത്രീയും ഒരു പുരുഷനും കുടുംബം കെട്ടിപ്പടുക്കാൻ തീരുമാനിക്കുന്നത് സ്നേഹത്തിന്റെ സൗന്ദര്യം അവർ അനുഭവിച്ചതുകൊണ്ടും ദൈവം അവരെ വിളിച്ചതുകൊണ്ടുമാണ്. സ്നേഹത്തിന്റെ സൗന്ദര്യം വെറും തീക്ഷ്ണവികാരത്തിന്റേതല്ല, കടന്നുപോകുന്ന, താത്കാലികമായ ഒരു ഉത്സാഹത്തിന്റേതുമല്ല. അത് എല്ലാ ദിവസവും കണ്ടെത്തപ്പെടുന്ന ഒന്നാണ്. സ്നേഹത്തിലും അതിന്റെ സൗന്ദര്യത്തിലും വിശ്വസിക്കുന്നവരാകാൻ ദൈവം സ്ത്രീപുരുഷന്മാരെ വിളിക്കുന്നു. താഴെ കൊടുക്കുന്ന ചോദ്യത്തിന് മാതാപിതാക്കന്മാർ ഉള്ളിൽ ഉത്തരം പറയാൻ പാപ്പാ ആവശ്യപ്പെട്ടു. "നിങ്ങൾ സ്നേഹത്തിന്റെ സൗന്ദര്യത്തിലും സ്നേഹത്തിന്റെ മഹത്ത്വത്തിലും വിശ്വസിക്കുന്നുണ്ടോ?" ഇത് ഒരു അനുദിനവിശ്വാസമാണ്. കലഹിക്കേണ്ടിവരുമ്പോഴും നല്ലതാണ്. കാരണം, അവസാനം അവർ രമ്യതയിലാകുന്നു. വഴക്കിനുശേഷം സമാധാനമുണ്ടാകുന്നതു നല്ലതാണ്. ജീവിതത്തിലെ ഏറ്റവും വലിയ കഷ്ടതകൾക്കുപോലും നശിപ്പിക്കാൻ കഴിയാത്തവിധം ദാമ്പത്യസ്നേഹത്തിന്റെ സൗന്ദര്യം അത്ര മഹനീയമാണെന്ന കാര്യം എല്ലാവരും ഓർക്കണം.

**മാതാപിതാക്കളുടെ സ്നേഹപ്രകാശനം**

ഒരു കുട്ടി ഒരിക്കൽ എന്നോടു പറഞ്ഞു: "എന്റെ മാതാപിതാക്കൾ പരസ്പരം ചുംബിച്ചു". കുട്ടികൾ തന്റെ മാതാപിതാക്കൾ ചുംബിക്കുന്നതു കാണുന്നത് മനോഹരമായ സാക്ഷ്യമാണ്. അവരുടെ സ്നേഹത്തിന്റെ സൗന്ദര്യമാണത്. കുട്ടികൾ നിങ്ങളെ വീക്ഷിക്കുന്നുണ്ട്. "കുട്ടികൾ നമ്മെ വീക്ഷിക്കുന്നു" എന്ന ഒരു സിനിമ തന്നെയുണ്ടല്ലോ. അവർ വളരെ അടുത്തു നിന്നു നിരീക്ഷിക്കുന്നു. ഡാഡിയും മമ്മിയും സ്നേഹത്തിലാണെന്ന് അറിയുന്നത് കുട്ടികൾക്ക് സ്നേഹം, സന്തോഷം, സുരക്ഷിതത്വം എന്നിവ നല്കും. അതിൽ അവർക്ക് ഭയമില്ലാതെ വളരാം. എന്നാൽ അപ്പനും അമ്മയും അന്യോന്യം ആക്രോശിക്കുന്നതും അധിക്ഷേപിക്കുന്നതും ശാരീരികോപദ്രവം ഏല്പിക്കുന്നതും ഭയാനകമാണ്. കുട്ടികൾ അവിടെ വല്ലാതെ സഹിക്കേണ്ടിവരും. നിങ്ങൾ ഇവയൊക്കെ ചെയ്യുമ്പോൾ, അതിന്റെ ആദ്യത്തെ ഇരകൾ നിങ്ങളുടെ കുട്ടികൾ ആണെന്ന് നിങ്ങൾക്കു ബോധ്യമുണ്ടോ? – പാപ്പാ ചോദിച്ചു. നിങ്ങളുടെ തന്നെ രക്തവും മാംസവുമാണ് കുട്ടികൾ. എന്തെങ്കിലും പഠിപ്പിക്കുമ്പോൾ മാത്രമല്ല, പരസ്പരം സംസാരിക്കുമ്പോഴും ജോലി കഴിഞ്ഞു വീട്ടിൽ തിരിച്ചെത്തുമ്പോഴും സ്നേഹിതരെ ക്ഷണിക്കുമ്പോഴും വിശ്രമിക്കുമ്പോഴും എല്ലാം അവർ നമ്മെ നിരീക്ഷിക്കുന്നുണ്ട്. മാതാപിതാക്കന്മാരേ, അവർ നിങ്ങളെ നിരീക്ഷിക്കുന്നുണ്ട്. നിങ്ങളുടെ വാക്കുകളിൽ നിന്ന്, ആംഗ്യങ്ങളിൽ നിന്ന് നിങ്ങളെ മനസ്സിലാക്കാൻ അവർ ശ്രമിക്കുന്നു. നിങ്ങൾ മാതാപിതാക്കന്മാർ ആയിരിക്കുന്നതിൽ, ഭാര്യയും ഭർത്താവും ആയിരിക്കുന്നതിൽ സന്തുഷ്ടരാണോ? – വീണ്ടും പാപ്പാ ചോദിച്ചു. ലോകത്തിൽ നിലനില്ക്കുന്ന നന്മയിൽ

വിശ്വസിക്കുന്നുണ്ടോ? ഇതെല്ലാം മനസ്സിലാക്കാൻ അവർ ശ്രമിക്കുന്നുണ്ട്. അവർ നിങ്ങളെ സൂക്ഷ്മമായി പരിശോധിക്കുന്നുണ്ട്. നല്ലതായിരിക്കാൻ പറ്റുമോ എന്നു നോക്കാനും പരസ്പര സ്നേഹത്തിലൂടെ എല്ലാ വിഷമതകളെയും അതിജീവിക്കുവാൻ കഴിയുമോ എന്നറിയാനുമാണത്.

സ്വന്തം മാതാപിതാക്കൾ ആർദ്രതയോടെയും ആദരത്തോടെയും പരസ്പരം സ്നേഹിക്കുന്നതും പരസ്പരം ദയാവായ്പ് പ്രകടിപ്പിക്കുന്നതും പരസ്പരം ക്ഷമിക്കുന്നതും കാണുന്നതിനെക്കാൾ വലിയ ഒരു സാക്ഷ്യം കുട്ടികൾക്ക് മാതാപിതാക്കന്മാരിൽ നിന്ന് കിട്ടാനില്ല. ഇത് കുട്ടിയുടെ ഹൃദയങ്ങളിൽ യഥാർത്ഥ സന്തുഷ്ടിയും ആഹ്ലാദവും നിറയ്ക്കും. കല്ലും കുമ്മായവും കൊണ്ടു നിർമ്മിച്ച ഒരു ഭവനത്തിൽ വസിക്കുന്നതിനെക്കാൾ സാരവത്താണ് കുട്ടികൾ മാതാപിതാക്കളുടെ പരസ്പരസ്നേഹത്തിൽ വസിക്കുന്നത്. ഇവിടെ ചിന്തിക്കാൻ മാതാപിതാക്കന്മാരെ പാപ്പാ വീണ്ടും ക്ഷണിച്ചു. "നിങ്ങളുടെ കുട്ടികൾ നിങ്ങളുടെ പരസ്പരസ്നേഹത്തിൽ വസിക്കുന്നുണ്ടോ?" പരസ്പരം സ്നേഹിക്കാനുള്ള വിളിയാണ് മാതാപിതാക്കന്മാർക്ക് ഉള്ളത്. അവരുടെ ഹൃദയങ്ങളിൽ സ്നേഹിക്കാനുള്ള വിളി ദൈവം മുദ്രിതമാക്കിയിട്ടുണ്ട്. എന്തെന്നാൽ, ദൈവം സ്നേഹമാണ്.

**2) ഐക്യം**

വിചിന്തനം ചെയ്യേണ്ട രണ്ടാമത്തെ പദമാണിത്. ദൈവം പരമപരിശുദ്ധത്രിത്വത്തിലെ മൂന്നാളുകളുടെ വൈവിധ്യത്തിലെ ഐക്യമാണല്ലോ. മാതാപിതാക്കൾ ആയിരിക്കുക എന്നത് അസ്തിത്വത്തിന്റെ വ്യത്യസ്തതയിൽ അടിത്തറ പാകിയിരിക്കുന്നു; അതായത് സ്ത്രീയിലും പുരുഷനിലും. അവർ ഇരുവരും ചേർന്നാണ് ഒരു പുതിയ മനുഷ്യവ്യക്തിക്കു ജന്മംനല്കുന്നത്. പ്രഥമവും അടിസ്ഥാനപരവുമായ വ്യത്യാസമാണ് സ്ത്രീയും പുരുഷനും തമ്മിലുള്ളത്. യുവതീയുവാക്കൾ വിവാഹിതരാകാൻ വരുമ്പോൾ സുവിശേഷം പ്രസംഗിച്ചതിനുശേഷം ഞാനവരോടു പറയാറുണ്ട്. ഭർത്താവ് ഭാര്യയെ കൂടുതൽ മെച്ചപ്പെട്ട ഒരു സ്ത്രീയാക്കി മാറ്റുക. ഭാര്യ ഭർത്താവിനെ കൂടുതൽ മെച്ചപ്പെട്ട ഒരു പുരുഷനാക്കുക. ഇതാണ് നിങ്ങളുടെ വിളി. അവരുടെ വ്യത്യാസം മനസ്സിലാക്കിക്കൊണ്ട് മെച്ചപ്പെട്ട പുരുഷനും മെച്ചപ്പെട്ട സ്ത്രീയുമായി അവർ പരസ്പരം സ്നേഹിക്കണം. കുടുംബത്തിന്റെ, വിവാഹത്തിന്റെ കരകൗശലവിദ്യ ഓരോ ദിവസവും പങ്കാളിയെ വളരാൻ സഹായിക്കുകയെന്നതാണ്, മറ്റെ വ്യക്തിയെക്കുറിച്ചു ചിന്തിക്കുകയെന്നതാണ്. ഭാര്യ ഭർത്താവിനെയും ഭർത്താവ് ഭാര്യയെയും കുറിച്ച് ചിന്തിക്കുകയെന്നതാണ്. ഇതാണ് ഐക്യത്തിന്റെ അർത്ഥം.

അൻപതാമത്തെയും അറുപതാമത്തെയും വിവാഹവാർഷികം ആഘോഷിക്കുന്ന ദമ്പതികൾ ഞാനർപ്പിക്കുന്ന ദിവ്യബലിയിൽ സംബന്ധിക്കാൻ മിക്കപ്പോഴും വരാറുണ്ട്. അവർ സന്തുഷ്ടരായി കാണപ്പെടുന്നു. അവർ പുഞ്ചിരിക്കുന്നു. അവർ പസ്പരം തലോടുന്നത് ഞാൻ കാണാറുണ്ട്. കുർബാന കഴിയുമ്പോൾ ഞാൻ ചോദിക്കാറുണ്ട്: "ആര് ആരെയാണ് സഹിച്ചത്?"അവർ ഉടനെ പറയും. "ഞങ്ങൾ ഇരുവരും സഹിച്ചു". സ്നേഹം നമ്മെ ക്ഷമാശീലത്തിലേക്ക് നയിക്കും. പഴകുംതോറും മെച്ചപ്പെടുന്ന വീഞ്ഞുപോലെ ഈ ജൂബിലി വിവാഹങ്ങളിൽ ഭാര്യയെ കൂടുതൽ മെച്ചപ്പെട്ട സ്ത്രീ ആക്കുന്ന ഭർത്താവിനെയും ഭർത്താവിനെ ഉത്തമപുരുഷനാക്കുന്ന സ്ത്രീയെയും അതിനുള്ള അവരുടെ അനുദിനശ്രമത്തെയും കാണാൻ കഴിയുന്നുണ്ട്. വ്യത്യസ്തതകളെക്കുറിച്ച് അവർക്ക് ഭയമില്ല. വ്യത്യാസങ്ങളെ മുൻപോട്ടു കൊണ്ടുപോകാനുള്ള വെല്ലുവിളി അവർ ഏറ്റെടുക്കുന്നു. അതവരെ ധന്യരാക്കുന്നു; പക്വമതികളാക്കുന്നു, മഹത്ത്വമുള്ളവരാക്കുന്നു. അവരുടെ കണ്ണുകളിൽ സന്തോഷത്തിന്റെ തിളക്കമുണ്ട്. ദീർഘകാലം സ്നേഹത്തിൽ ജീവിച്ചതിന്റെ തിളക്കമാണത്. വ്യത്യാസത്തിൽ മഹത്തായ നിധി അവർ കണ്ടെത്തുന്നു. പരസ്പരപൂരക

ത്വവും പാരസ്പര്യവുമായിത്തീരുന്നു അവരുടെ വ്യത്യാസം. അവിടെ അന്യോന്യമുള്ള ഒരു കെട്ട്, ഐക്യം ഉണ്ട്.

വ്യത്യസ്തയിലുള്ള ഈ പാരസ്പര്യവും പരസ്പരപൂരകത്വവും കുട്ടികൾക്ക് അവരുടെ വളർച്ചയ്ക്ക് അതിപ്രധാനമാണ്. അപ്പനെയും അമ്മയെയും ഇതുപോലെ കാണുന്നതിലൂടെ കുട്ടികൾ പക്വത പ്രാപിക്കുന്നു. അപ്പനും അമ്മയ്ക്കുമുള്ള സ്നേഹം കണ്ട് അവർ സ്വന്തം അസ്തിത്വത്തിൽ പക്വത പ്രാപിക്കുന്നു. ഈ വ്യത്യാസത്തെ നേരിടുന്നതിലൂടെ ജീവിതത്തിൽ കണ്ടുമുട്ടുന്ന സ്ത്രീകളിലൂടെ അവരുടെ അസാധാരണ സൗന്ദര്യവും മഹത്ത്വവും തിരിച്ചറിയാൻ പുരുഷൻ പഠിക്കുന്നു. അതുപോലെ സ്ത്രീ പുരുഷനെയും പഠിക്കുന്നു. പുരുഷൻ വ്യത്യസ്തനാണെന്നും വികാരസംവേദനത്തിനും ധാരണയ്ക്കും ജീവിതത്തിനും പുരുഷന്റേതായ മാർഗമുണ്ടെന്നും സ്ത്രീ പഠിക്കുന്നു. കുട്ടികളെ വളർത്തുന്നതിനും വ്യത്യസ്തതയിലുള്ള ഈ ഐക്യം സുപ്രധാനമാണ്. എന്തെന്നാൽ, കുട്ടികളുടെ ജീവിതത്തിന്റെ ചില സവിശേഷതകളോട് അമ്മമാർ കൂടുതൽ സംവേദനത്വം പ്രകടിപ്പിക്കുന്നു. പുരുഷന്മാർ മറ്റു വശങ്ങളോട് സംവേദനത്വം പ്രകടിപ്പിക്കുന്നു. ഇതിന്റെ വിദ്യാഭ്യാസപരമായ ലക്ഷ്യം മനോഹരമാണ്. കുട്ടികളുടെ വളർച്ചയ്ക്കായി മാതാപിതാക്കളുടെ വ്യത്യസ്ത കഴിവുകൾ അങ്ങനെ ഉപയോഗിക്കപ്പെടുന്നു. അതിനാൽ ഇരുവരുടെയും കഴിവുകൾ പരിപോഷിപ്പിക്കപ്പെടുകയും സംരക്ഷിക്കുകയും വേണം.

**ഭാര്യാഭർത്തൃസംഘർഷത്തിൽ എന്തുചെയ്യണം**

അപരിഹാര്യമായ സംഘർഷത്തിൽ സൗഖ്യപ്പെടുത്താനാവാത്ത മുറിവുമായി കുടുംബം ജീവിക്കേണ്ടിവരുന്നത് വളരെ വേദന നിറഞ്ഞ കാര്യമാണ്. ഇതിന്റെ ആദ്യഅടയാളങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അപ്പനും അമ്മയ്ക്കും തങ്ങളോടുതന്നെ ഒരു കർത്തവ്യമുണ്ട്. മക്കളുടെ സഹായവും പിൻതുണയും ചോദിക്കാനുള്ള കടമയാണത്. ഒന്നാമതായി, ദൈവത്തിന്റെ സഹായം തേടണം. ഈശോ പറഞ്ഞ ധൂർത്തപുത്രന്റെ കഥ ഓർക്കുക. ഒരു പിതാവിന് രണ്ടു മക്കൾ. ഒരുവൻ വീടുവിട്ടുപോയി. സകലതും നശിപ്പിച്ചു. മറ്റെ ആൾ വീട്ടിൽ താമസിച്ചു. ഈ പിതാവാണ് രണ്ടു പേരുടെയും അടുക്കലേക്ക് ആദ്യംപോകുന്നത്. തിന്മയെ അതിജീവിക്കാൻ കഴിയും. കലഹത്തെക്കാൾ മഹത്തായത് ഐക്യമാണെന്നു മനസ്സിലാക്കാനുള്ള ശക്തി കർത്താവ് നിങ്ങൾക്കു നല്കും. അന്യോന്യം ഏല്പിച്ച മുറിവുകൾ സൗഖ്യപ്പെടുത്താനാകും; വിവാഹമെന്ന കൂദാശയിൽ ജീവിക്കാൻ അവിടന്ന് നിങ്ങളെ വിളിച്ചിട്ടുള്ള മഹനീയമായ സ്നേഹത്തിന്റെ പേരിൽ അതു സാധിക്കും.

വേർപാട് അനിവാര്യമാകുമ്പോഴും സഭ തന്റെ ഹൃദയത്തിൽ നിങ്ങളെ സംവഹിക്കുന്നുണ്ടെന്ന് ഓർക്കണം. നിങ്ങൾ എപ്പോഴും അപ്പനും അമ്മയുമാണ്. ആയിരിക്കുകയും ചെയ്യും. പ്രശ്നങ്ങൾ, മുറിവുകൾ എന്നിവ നിമിത്തം നിങ്ങൾക്ക് ഒന്നിച്ചു ജീവിക്കാൻ കഴിയുന്നില്ല. എങ്കിലും, നിങ്ങളുടെ കുട്ടികളുടെ നന്മയ്ക്കും ആനന്ദത്തിനുമായി എപ്പോഴും ധാരണയും സഹകാരിത്വവും പൊരുത്തവും തേടണം. നിങ്ങൾ കുട്ടികളെ ബന്ദികളാക്കരുത്. ബന്ദികളാക്കി ഉപയോഗിക്കരുത്. വേർപിരിഞ്ഞ അല്ലെങ്കിൽ ഹൃദയത്തിൽ ഇപ്പോൾ വേർപിരിഞ്ഞിരിക്കുന്ന മാതാപിതാക്കന്മാർ എത്ര വലിയ ദ്രോഹമാണ് കുട്ടികൾക്കു ചെയ്യുന്നത്, പ്രത്യേകിച്ച് അവർ കുട്ടികളോട് ജീവിതപങ്കാളിയെക്കുറിച്ച് മോശമായി സംസാരിക്കുമ്പോൾ, പിതാവ് മാതാവിനെക്കുറിച്ചും മാതാവ് പിതാവിനെക്കുറിച്ചും കുട്ടിയോട് മോശമായി സംസാരിക്കുമ്പോൾ ഇത് ഭീകരമാണ്. അവിടെ കുട്ടി തനിക്കു പരിഹരിക്കാനാവാത്ത സംഘർഷവുമായി വളരുന്നു. കുട്ടി കാപട്യത്തിന്റെ ഭീകരമായ മാർഗം പഠിക്കുന്നു. അതായത്, തന്റെ നേട്ടത്തിനും പ്രയോജനത്തിനുമായി ഇരുവരെയും സന്തോഷിപ്പിക്കുന്ന കാര്യങ്ങൾ പറയുക എന്ന കാപട്യം പഠിക്കുന്നു. ഇതു ഭീകരമായ തിന്മയാണ്. ജീവി

തപങ്കാളിയെക്കുറിച്ച് മോശമായി മക്കളോട് ഒരിക്കലും സംസാരിക്കരുത്. എന്തെന്നാൽ, മാതാപിതാക്കളുടെ വഴക്കിന്റെ ആദ്യഇരകളാണ് അവർ. മിക്കപ്പോഴും രണ്ടുപേർക്കും ഇടയിലുള്ള വിദ്വേഷത്തിന്റെയും ഇരകളാണവർ. കുട്ടികൾ പവിത്രതയുള്ളവരാണ്. അവരെ മുറിപ്പെടുത്തരുത്. മാതാപിതാക്കൾ തങ്ങളുടെ പ്രശ്നങ്ങൾ തങ്ങളിൽത്തന്നെ നിലനിറുത്തുക. അത് കുട്ടികളിലേക്ക് എത്തിക്കരുത്. അപ്പനെക്കുറിച്ച് മക്കളോടു നല്ലത് അമ്മ പറയണം. അതുപോലെ അമ്മയെക്കുറിച്ച് അപ്പനും മക്കളോടു നല്ലതു പറയണം.

**ക്ഷമ പ്രധാനം**

ഭാര്യയും ഭർത്താവും പരസ്പരം ക്ഷമിക്കാൻ തയ്യാറാകുകയാണ് ഏറ്റവും നല്ല മാർഗം. പങ്കാളിയുടെ കുറവുകൾ അംഗീകരിക്കുക. അത് കുട്ടികളുടെ ബലഹീനതകളും ദൗർബല്യങ്ങളും മനസ്സിലാക്കുന്നതിനും സ്വീകരിക്കുന്നതിനും അവരെ കൂടുതൽ സ്നേഹിക്കുന്നതിനും അവരെ വളരാൻ സഹായിക്കുന്നതിനും ഇടയാക്കും. അപ്പോൾ സ്വന്തം പരിമിതികളെക്കുറിച്ചു ഭയപ്പെടാതിരിക്കാനും അതോർത്ത് നിരുത്സാഹപ്പെടാതിരിക്കാനും മുൻപോട്ടു പോകാനും കഴിയും.

പസ്പരം സ്നേഹിക്കുന്ന മാതാപിതാക്കന്മാർക്ക് വിഷമകരമായ ഒരു പാതയിൽ ആയിരിക്കുന്ന മകനോടോ മകളോടോ എങ്ങനെ സംസാരിക്കണമെന്ന് അറിയാം. വാക്കുകൾ ഉപയോഗിക്കാതെ തന്നെ എങ്ങനെ സംസാരിക്കാമെന്നും അറിയാം. ഒരു ഡയറക്ടർ തന്നോടു പറഞ്ഞ കാര്യം പാപ്പാ ഉദാഹരണമായി ചൂണ്ടിക്കാട്ടി. അയാളുടെ അമ്മ വിധവയായിരുന്നു. അയാൾ ഏകമകനും. 20–ാം വയസ്സിൽ അയാൾ മദ്യത്തിന് അടിമയായി. അമ്മ വീട്ടുജോലി നോക്കി അയാളെ പോറ്റി. വളരെ ദരിദ്ര. അവൾ എന്നും രാവിലെ ജോലിക്കു പുറത്തുപോകുമ്പോൾ മകൻ കിടക്കയിൽ ഉണ്ടാകും. യഥാർത്ഥത്തിൽ അയാൾ ഉറങ്ങിയിരുന്നില്ല. അമ്മ അയാളെ ശല്യപ്പെടുത്താതെ, ഒരക്ഷരം മിണ്ടാതെ പോകും. അതയാൾ എന്നും കണ്ടിരുന്നു. അമ്മയുടെ ഈ നോട്ടം അയാളെ രക്ഷിച്ചു. അയാൾ പറയുന്നതു കേൾക്കുക: “അമ്മ ജോലിക്കു പോകുകയും ഞാൻ മദ്യപിക്കാൻ വേണ്ടി ജീവിക്കുകയും ചെയ്യുന്നത് ശരിയല്ല എന്ന ചിന്ത അത് എന്റെ മനസിൽ ജനിപ്പിച്ചു”. അങ്ങനെ അയാൾ മാനസാന്തരപ്പെട്ടു. വാക്കുകളില്ലാത്ത ഒരു നോട്ടത്തിനുപോലും മക്കളെ രക്ഷിക്കാൻ കഴിയുമെന്നതിന്റെ തെളിവാണത്.

**3) വിവാഹം ഒരു ദൗത്യം**

വിവാഹം അതിസുന്ദരമായ ഒരു ദാനമാണ്. അതൊരു ദൗത്യവും കൂടിയാണ്. ദൗത്യം വളരെ പ്രധാനപ്പെട്ട കാര്യമാണ്. യേശുവിന്റെ വാക്കുകൾ നമ്മോടു മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ സഹകാരികളാണ് ദമ്പതികൾ. മാതാപിതാക്കന്മാർ കുട്ടികൾക്ക് സുവിശേഷം പറഞ്ഞുകൊടുക്കണം. മാതാപിതാക്കന്മാർ കുട്ടികളുടെ പ്രേഷിതരായിരിക്കണം. അവർ മാതാപിതാക്കളുടെ അധരങ്ങളിൽ നിന്നും ജീവിതത്തിൽ നിന്നും കർത്താവിനെ അനുഗമിക്കുന്നതിനെക്കുറിച്ച് പഠിക്കണം. തന്നെത്തന്നെ മറ്റുള്ളവർക്കായി വ്യയം ചെയ്യാനുള്ള ആഗ്രഹവും അവർക്ക് ഉണ്ടാകണം. അതവർക്ക് ആവേശം പകരും. അതാണ് ദുഃഖത്തിലും വിഷമതകളിലും എപ്പോഴും പ്രത്യാശ പ്രദാനം ചെയ്യുന്നത്. എന്തെന്നാൽ, നാം ഒരിക്കലും ഒറ്റയ്ക്കല്ല. മറിച്ച് എപ്പോഴും കർത്താവിനോടു കൂടെയും നമ്മുടെ സഹോദരീസഹോദരന്മാരോടുകൂടെയുമാണ്. ഇതു കുട്ടികൾക്കു വളരെ പ്രധാനമാണ്. പ്രത്യേകിച്ചും കൗമാരപ്രായത്തിനു മുമ്പുള്ള അവസ്ഥയിൽ. അപ്പോൾ ദൈവത്തിനു വേണ്ടിയുള്ള അന്വേഷണം കൂടുതൽ ബോധപൂർവകമായിത്തീരുന്നു; ചോദ്യങ്ങൾ ശരിയായ ഉത്തരങ്ങൾ ആവശ്യപ്പെടുന്നു.

**വല്യപ്പന്മാരും വല്യമ്മമാരും**

വല്യപ്പന്മാരെയും വല്യമ്മമാരെയുംപ്പറ്റി ഒരു വാക്ക്. ആദ്യമായി ഒരു ചോദ്യം ആത്മശോധനയ്ക്ക്: "അവർക്ക് കുടുംബത്തിൽ വേണ്ടത്ര അന്തസ്സ് നാം നല്കുന്നുണ്ടോ?" വല്യപ്പന്മാരും വല്യമ്മമാരും ജനതയുടെ ജ്ഞാനവും സ്മരണയുമാണ്. അവർ കുടുംബത്തിന്റെയും ജ്ഞാനമാണ്. അനേകം രാജ്യങ്ങളിൽ വിശ്വാസം കാത്തുസംരക്ഷിച്ചത് അവരാണ്. മതാചരണം വിലക്കിയിട്ടുള്ള രാജ്യങ്ങളിൽ അവർ കുഞ്ഞുങ്ങളെ രഹസ്യമായി ജ്ഞാനസ്നാനം ചെയ്യിക്കുകയും അവരെ പ്രാർത്ഥനകൾ പഠിപ്പിക്കുകയും ചെയ്തു.

ഇന്നും നാം അവരെ കുടുംബത്തിന്റെ ഭാഗമായി കാണണം; എപ്പോഴും ഒരേ കാര്യം പറഞ്ഞ് അവർ നമ്മിൽ വിരസത ഉണ്ടാക്കുമെങ്കിലും. അങ്ങേയറ്റം അസൗകര്യം ഉണ്ടെങ്കിൽ അവസാനത്തെ പോംവഴിയായിട്ടു മാത്രമേ അവരെ വൃദ്ധമന്ദിരത്തിലോ ശുശ്രൂഷാകേന്ദ്രങ്ങളിലോ ആക്കാവൂ. ഭവനത്തിലുള്ള വല്യപ്പന്മാരും വല്യമ്മമാരും കുടുംബത്തിന് ഒരു സമ്പത്താണ്. അവർ നമുക്ക് വിവേകവും ജ്ഞാനവും നല്കും; നമ്മെ സഹായിക്കും.